**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ നിയോജക മണ്ഡലത്തിലെ 2012-16 കാലയളവിലെ ആസ്തിവികസന പദ്ധതിയിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.136/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,13/01/2018

പരാമർശം - (1) 11.06.2012-ലെ 332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

(2) ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ മന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ 09.11.2017 ലെ കത്ത്.

**ഉത്തരവ്**

കണ്ണൂർ നിയോജക മണ്ഡലത്തിലെ 2012-16 കാലയളവിലെ ആസ്തിവികസന പദ്ധതിയിലെ പ്രവൃത്തിയായ "കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ താവക്കര-ആശിർവാദ് ആശുപത്രി - പോലീസ് ക്ലബ്ബ് റോഡ് മെക്കാഡം ടാറിംഗ്" സമയപരിധിക്കുള്ളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണത്താൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ സാധിച്ചിരുന്നില്ല. പരാമർശം (2) ലെ കത്തിലൂടെ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഭരണാനുമതി നൽകണമെന്ന് ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ മന്ത്രി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നിയോജക മണ്ഡലത്തിലെ 2012-2016 കാലയളവിലെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ കണ്ണൂർ കോർപ്പറേഷൻ പരിധിയിലെ താവക്കര — ആശീർവാദ് ആശുപത്രി - പോലീസ് ക്ലബ്ബ് റോഡ് - മെക്കാഡം ടാറിംഗ് എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 67 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും,, വകുപ്പ് സംബന്ധമായ നടപടി ക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ടും പ്രവൃത്തി പൂർത്തിയാക്കണമെന്ന നിബന്ധനയോടു കൂടിയും ഭരണാനുമതി നൽകി ഉത്തരവാകുന്നു. ആയതു സംബന്ധിച്ച് ചെലവ് 4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്. എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.രാമചന്ദ്രൻ കടനന്നപ്പള്ളി, ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും വകുപ്പ മന്ത്രി.
(ബഹു.മന്ത്രിയുടെ പി.എസ്. മുഖാന്തിരം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.
ധനകാര്യ വകുപ്പ് (എൻ.സി.സി 3/62/2017/ധന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ